**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1194** **12-06-2024 - ൽ മറുപടിയ്ക്ക്**

**പെരിയാറിൽ മത്സ്യസമ്പത്ത് നശിച്ച സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ശ്രീ. പി. അബ്ദുൽ ഹമീദ്, ശ്രീ. കുറുക്കോളി മൊയ്തീൻ, ശ്രീ. എ. കെ. എം. അഷ്റഫ് | | ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പെരിയാറിലെയും പരിസര ജലാശയങ്ങളിലെയും മത്സ്യക്കൂട്ടുകളിലും മീൻവളർത്തൽ ഫാമുകളിലുമുണ്ടായിരുന്ന മത്സ്യസമ്പത്ത് നശിച്ച സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മത്സ്യസമ്പത്ത് നശിക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണ് എന്നു കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | വകുപ്പിന്റെ നിർദ്ദേശപ്രകാരം കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാല (കുഫോസ്)യിൽ നിന്നുമുള്ള സർവ്വെയിലൻസ് ടീം സ്ഥലം സന്ദർശിച്ച് വെള്ളത്തിന്റെയും മത്സ്യങ്ങളുടെയും പുഴയിലെ ചെളിയുടെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുകയും ചെയ്തു. കുഫോസിൽ നിന്നും ലഭ്യമായ റിപ്പോർട്ട് പ്രകാരം ജലജീവികൾക്ക് നന്നായി ജീവിക്കുവാൻ 4 mg/l എന്ന തോതിൽ പ്രാണവായു വേണമെന്നിരിക്കെ മത്സ്യങ്ങൾ ചത്തുപൊങ്ങിയ സമയത്ത് രേഖപ്പെടുത്തിയത് 1.14 mg/l എന്ന വളരെ താഴ്ന്ന അളവാണ്. വെള്ളത്തിൽ അമോണിയയുടെയും സിലിക്കേറ്റിന്റെയും സൾഫേറ്റിന്റെയും ഉയർന്ന തോതിലുള്ള സാന്നിദ്ധ്യവും വെള്ളത്തിൽ അമ്ലതയും നിരീക്ഷിക്കപ്പെട്ടു. ഇതാകാം മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തുപൊങ്ങിയതിന് കാരണമെന്ന് വിലയിരുത്തപ്പെട്ടു. |
| (സി) | പ്രസ്തുത പ്രദേശങ്ങളിൽ മത്സ്യക്കൂട് കൃഷി നടത്തിയവർക്കുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | ഫീൽഡ് തല ഉദ്യോഗസ്ഥരിൽ നിന്നും ശേഖരിച്ച പ്രാഥമിക കണക്കുകളുടെ അടിസ്ഥാനത്തിൽ കൂട് മത്സ്യകൃഷിയ്ക്ക് 692.59 ലക്ഷം രൂപയുടെയും ഓരുജല മത്സ്യകൃഷിയ്ക്ക് 9.4728 ലക്ഷം രൂപയുടെയും എംബാങ്ക്മെന്റ് മത്സ്യകൃഷിയ്ക്ക് 1.6 ലക്ഷം രൂപയുടെയും ഉൾപ്പെടെ ആകെ 703.6628 ലക്ഷം രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. |
| (ഡി) | നഷ്ടം സംഭവിച്ച മത്സ്യകർഷകർക്ക് എന്തെല്ലാം സഹായങ്ങൾ നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് | (ഡി) | വകുപ്പിലെ ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിലും കുഫോസിൽ |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ? | | നിന്നുള്ള സാമ്പിൾ പരിശോധിച്ച് റിപ്പോർട്ട് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും തയ്യാറാക്കിയ റിപ്പോർട്ടിൽ, ജലമലിനീകരണം മൂലം മത്സ്യകർഷകർക്ക് മത്സ്യകൃഷിയിലുണ്ടായ നാശനഷ്ടത്തിന്റെ കണക്കും പ്രസ്തുത പുഴയിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഉണ്ടായ സാമ്പത്തിക നഷ്ടവും ടി വിഷയത്തിന്മേൽ കുറ്റക്കാരെ കണ്ടെത്തുകയും കുറ്റക്കാർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം കുറ്റകൃത്യം നടത്തിയവരിൽ നിന്ന് തന്നെ പ്രശ്ന ബാധിതർക്കായുള്ള നഷ്ടപരിഹാരം ഉറപ്പാക്കണം എന്നീ ശിപാർശകളുമുണ്ട്. ഇക്കാര്യങ്ങൾ സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ